"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

വനിതാ-ശിശുവികസന വകുപ്പ് - സാധുക്കളായ വിധവകളുടെ പെൺമക്കളുടെ വിവാഹധനസഹായം - കാലതാമസം പരിഗണിക്കാതെ ധനസഹായം അനുവദിക്കുന്നതിന് അനുമതി നൽകി- ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**വനിതാ-ശിശുവികസന (എ) വകുപ്പ്**

സ.ഉ.(സാധാ) നം.231/2026/WCDD തീയതി,തിരുവനന്തപുരം, 08-07-2026

---

പരാമർശം:-
1. സ.ഉ.(സാധാ)നം. 677/2019/സാ.നീ.വ തീയതി 28.10.2019.
2. സ.ഉ.(കൈ)നം. 13/2025/വ.ശി.വി.വ തീയതി 19.07.2025
3. തിരുവനന്തപുരം ജില്ലാകളക്ടറുടെ 04/05/2026 തീയതിയിലെ DCTVM/4576/2026-FIN-7 നമ്പർ കത്ത്
4. വനിത ശിശു വികസന ഡയറക്ടറുടെ 18.05.2026 തീയതിയിലെ DWCD/3944/2024-WEC2 നമ്പർ കത്ത്.

**ഉത്തരവ്**

സാധുക്കളായ വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹധനസഹായ പദ്ധതി പ്രകാരമുള്ള അപേക്ഷകളിൽ മൂന്ന് വർഷം വരെ സമർപ്പിക്കുന്ന അപേക്ഷകളിന്മേൽ കാലതാമസം പരിഗണിക്കാതെ അനുമതി നൽകുന്നതിനുള്ള അധികാരം പരാമർശം (1) പ്രകാരം ബന്ധപ്പെട്ട ജില്ലാകളക്ടർക്കാണ്. 3 വർഷത്തിന് ശേഷം സമർപ്പിക്കുന്ന അപേക്ഷകളിൽ കാലതാമസം പരിഗണിക്കുന്നത് സംബന്ധിച്ച പൊതുവായ മാർഗനിർദ്ദേശങ്ങൾ പരാമർശം (2) മുഖേന പുറപ്പെടുവിച്ചിട്ടുണ്ട്. ടി പദ്ധതി പ്രകാരമുള്ള ധനസഹായത്തിനുള്ള അപേക്ഷ, നിശ്ചിത സമയപരിധിക്കകം സമർപ്പിക്കാൻ കഴിയാതെപോയ ശ്രീമതി.ചന്ദ്രിക എം, ചെക്കിട്ടവിളാകത്തുവീട്, കളത്തുകാൽ, കരകുളം-ന്റെ അപേക്ഷ അനുകൂലമായി പരിഗണിക്കണമെന്ന പരാമർശം (3) പ്രകാരമുള്ള തിരുവനന്തപുരം ജില്ലാ

കളക്ടറുടെ ശിപാർശയിന്മേൽ വിശദമായ റിപ്പോർട്ട് സഹിതം വനിതാ-ശിശുവികസന ഡയറക്ടർ പരാമർശം (4) പ്രകാരം പ്രൊപ്പോസൽ സമർപ്പിച്ചിരുന്നു.

2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. "സാധുക്കളായ വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹധനസഹായ പദ്ധതി" പ്രകാരം ശ്രീമതി.ചന്ദ്രിക എം, ചെക്കിട്ടവിളാകത്തുവീട്, കളത്തുകാൽ, കരകുളം തന്റെ മകൾ രമ്യ.സി-യുടെ വിവാഹധനസഹായത്തിനായുള്ള അപേക്ഷ സമർപ്പിച്ചതിലുള്ള അറിയില്ലായ്മ കാരണമുണ്ടായ കാലതാമസം പരിഗണിക്കാതെ ധനസഹായം അനുവദിക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**MANOJ M S**

അണ്ടർ സെക്രട്ടറി

ഡയറക്ടർ, വനിതാ-ശിശു വികസന വകുപ്പ്, തിരുവനന്തപുരം.

അപേക്ഷകയ്ക്ക് ( വനിതാ-ശിശു വികസന ഡയറക്ടർ മുഖേന).

ജില്ലാ കളക്ടർ ,തിരുവനന്തപുരം.

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ജി& എസ്.എസ്.എ/എ& ഇ) കേരളം , തിരുവനന്തപുരം.

വിവര പൊതുജന സമ്പർക്ക (വെബ് ആന്റ് ന്യൂ മീഡിയ) വകുപ്പ് (പ്രസിദ്ധീകരണത്തിന്)

കരുതൽ ഫയൽ/ഓഫീസ് പകർപ്പ്.

ഉത്തരവിൻ പ്രകാരം

Signed by
Bindu K N
സെക്ഷൻ ഓഫീസർ
Date: 08-07-2026 11:33:32